**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.265** **03.02.2020 - ൽ മറുപടിയ്ക്ക്**

**ചെറൂപ്പ സി .എച്ച് .സി യിൽ ഡയാലിസിസ് സെന്റർ**

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം : | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശുവികസനവും വകുപ്പ മന്ത്രി) |
|---|---|---|
| (എ) മാവൂർ പഞ്ചായത്തിലെ ചെറൂപ്പ സി എച്ച് .സി യിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;<br>(ബി) മെഡിക്കൽ കോളേജിന്റെയും കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെയും ആരോഗ്യവകുപ്പ് ഡയറക്ടറുടെയും നിയന്ത്രണത്തിലുള്ള ഈ സ്ഥാപനത്തിൽ ഡയാലിസിസ് സെന്റർ തുടങ്ങുവാൻ മെഡിക്കൽ കോളേജിന് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഗ്രാമീണ കേന്ദ്രമായ ചെറൂപ്പ സി .എച്ച് .സി യിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനായി ബഹു. കുന്ദമംഗലം എം.എൽ.എ യുടെ 2012-13 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ട്. കൂടാതെ 2017-18 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ വൈദ്യുതീകരണത്തിനായി അനുവദിച്ചിട്ടുണ്ട്. ഡയാലിസിസ് സെന്റർ കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നത്.എന്നാൽ റാമ്പ്/ലിഫ്റ്റ് സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ ഡയാലിസിസ് റൂം താഴത്തെ നിലയിലേയ്ക്ക് മാറ്റുന്നതിനും താഴത്തെ നിലയിൽ പ്രവർത്തിച്ചു വരുന്ന ജെറിയാട്രിക് ബ്ലോക്ക് മുകളിലേയ്ക്ക് മാറ്റുന്നതിനും റാമ്പ് പണിയുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിനും പൊതുമരാമത്ത് |

| | | |
|---|---|---|
| | | സിവിൽ വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിലും റാമ്പ് പണിയുന്നത് ലാഭകരമാവില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. നിർമ്മാണം പൂർത്തീകരിച്ച് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം തുടങ്ങുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ആഫീസർ